**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6723** **11-11-2021 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് കേരള ഫുട്ബോൾ അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എവിടെയൊക്കെയാണ് സ്പോർട്സ് കേരള ഫുട്ബോൾ അക്കാദമി ആരംഭിക്കുന്നതെന്നും പ്രസ്തുത അക്കാദമികളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (എ) | അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് തിരുവനന്തപുരത്തെ ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ സ്പോർട്സ് കേരള റസിഡൻഷ്യൽ ഫുട്ബോൾ അക്കാഡമി ആരംഭിച്ചിട്ടുണ്ട്. ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ ആൺകുട്ടികൾക്കും കണ്ണൂർ സ്പോർട്സ് സ്കൂളിൽ പെൺകുട്ടികൾക്കുമായാണ് അക്കാഡമി സ്ഥാപിച്ചിട്ടുള്ളത്. അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെയും ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷന്റെയും അക്രെഡിറ്റഡ് അക്കാദമികളായി ഇവയെ വളർത്തിയെടുക്കാനാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയും പരിശീലന രംഗത്തെ പ്രൊഫഷണൽ ക്ലബ്ബുകളുടെ പരിചയ സമ്പന്നത ഉപയോഗപ്പെടുത്തിയുമാണ് അക്കാദമിയുടെ പ്രവർത്തനം ജൂനിയർ, സീനിയർ എന്നീ കാറ്റഗറികളിലായി (U-14, U-17, U-20) മൂന്ന് ടീമുകളാണ് ഉദ്ദേശിക്കുന്നത്. നിശ്ചിത മാനദണ്ഡങ്ങൾ അനുസരിച്ച് തെരഞ്ഞെടുക്കുന്ന കുട്ടികൾക്കൊപ്പം പ്രസ്തുത സ്കൂളുകളിലെ വിദ്യാർത്ഥികൾ, ഗ്രാസ്റൂട്ട് പരിശീലന പദ്ധതിയായ കിക്കോഫിൽ മികവ് തെളിയിച്ച വിദ്യാർത്ഥികൾ എന്നിവരും അക്കാദമിയുടെ ഭാഗമാകുന്നതാണ്. എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാഡമി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | മലപ്പുറം ജില്ലയിൽ പ്രസ്തുത അക്കാദമി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ? | (ബി) | പരിശോധിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ